മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പദ്ധതി (നാദം) എന്നു പേരുവിളിക്കുന്ന ഒരു പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ സമർപ്പിച്ചിരുന്നു. അത് പരിശോധിച്ച് ആ പദ്ധതി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു. കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള എസ്.ജി.എസ്.വൈ. സ്പെഷ്യൽ സ്കീമിൽ നിന്ന് ധനസഹായം തേടിക്കൊണ്ട് കേന്ദ്രത്തിലേക്ക് കത്തയയ്ക്കാൻ തീരുമാനിച്ചു. പത്തു ദിവസത്തിനകം ഇവിടെനിന്ന് ആ കത്ത് അയച്ചുകൊടുക്കുന്നതാണ്.

4. കോട്ടുളി, വെങ്ങേരി വില്ലേജുകളിലെ കണ്ടൽ വനങ്ങളും ചതുപ്പുപ്രദേശങ്ങളും സംരക്ഷിക്കാൻ നടപടി

ശ്രീ. എ. സുജനപാൽ: സർ, വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. വളരെ വേദനയോടുകൂടിയാണ് അവതരിപ്പിക്കുന്നത്. കാരണം കഴിഞ്ഞ ഒന്ന് ഒന്നര വർഷമായി കോഴിക്കോട് നഗരത്തിലെ വെങ്ങേരി, കോട്ടുളി വില്ലേജുകളിൽപ്പെട്ടിട്ടുള്ള അരയടത്തു പാലം മുതൽ സിവിൽ സ്റ്റേഷന്റെ പിൻഭാഗം വരെയുള്ള ഏതാണ്ട് മുന്നൂറ് ഏക്കറോളം വരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അപൂർവങ്ങളായിട്ടുള്ള കണ്ടൽവനങ്ങൾ, ചതുപ്പുപ്രദേശങ്ങൾ അതൊക്കെ നികത്തി കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇതിനകത്ത് കുറേ സ്ഥലം വാട്ടർ അതോറിറ്റിയുടെ കൈയിലുണ്ട്, കുറച്ചുസ്ഥലം റവന്യു വകുപ്പിന്റെ കയ്യിലുണ്ട്, കുറച്ചുസ്ഥലം സ്വകാര്യ വ്യക്തികളുടെ കൈയിലുണ്ട്. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള സ്ഥലം മുഴുവൻ മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം നിരവധി തവണ ഞാൻ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടേയും റവന്യു വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള കണ്ടൽവനങ്ങളും ചതുപ്പുപ്രദേശങ്ങളും നികത്തിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് അമേരിക്കയിലുള്ള വെറ്റ്ലാന്റ് ഇന്റർനാഷണൽ എന്നുള്ള ഒരു സംഘടന സ്റ്റഡി ചെയ്ത സമയത്ത് ഇൻഡ്യയിൽത്തന്നെ അപൂർവമായി കണ്ടുവരുന്ന കണ്ടൽവൃക്ഷങ്ങളാണ് അവിടെയുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ നഗരങ്ങളിൽ കണ്ടൽവനങ്ങൾ വളരെ അപൂർവമായിട്ടേ കാണുന്നുള്ളൂ. അങ്ങനെയുള്ള അപൂർവമായിട്ടുള്ള കണ്ടൽവനങ്ങളാണ് കോഴിക്കോട് നഗരത്തിലുള്ളത്. ഈ സ്ഥലത്താണ് ഡ്രീം സിറ്റി പ്രോജക്ട് —വാട്ടർ തീം പാർക്ക്, ഉൾപ്പെടെയുള്ള ഡ്രീം സിറ്റി പ്രോജക്ട്—വിഭാവനം ചെയ്തത്. സി.ഡബ്ല്യു.ആർ.ഡി.എം. ഇതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനെ സംരക്ഷിക്കാൻ വേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നാണ് പറയുന്നത്. പക്ഷെ ഇതൊന്നും ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഗുരുതരമായിട്ടുള്ള ഈ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കണം. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള കണ്ടൽവനങ്ങളുൾപ്പെടെയുള്ള ചതുപ്പുപ്രദേശം നികത്തുന്നത് തടയുന്നതിന് ഗവൺമെന്റ് അടിയന്തിര നിർദ്ദേശം കൊടുക്കണം. ജനപ്രതിനിധിയെന്ന നിലയിൽ വളരെ വേദനയോടുകൂടിയാണ് കഴിഞ്ഞ ഒന്ന് ഒന്നര വർഷമായി ഞാൻ ഇതിനുവേണ്ടി ശബ്ദമുയർത്തുന്നത്. പക്ഷെ നടപടികൾ ഉണ്ടാകുന്നില്ല. പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നു. യാതൊരു നടപടിയും ഉണ്ടാകുന്നില്ല. വനംവകുപ്പ് ഇതുമായി ബന്ധപ്പെട്ടതാണ്, റവന്യൂ വകുപ്പ് ഇതുമായി ബന്ധപ്പെട്ടതാണ്, ശാസ്ത്ര സാങ്കേതിക വകുപ്പ് ഇതിനെ സംബന്ധിച്ചിടത്തോളം സ്റ്റഡി നടത്തിയിട്ടുണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ കയ്യിൽ ബൃഹത്തായ റിപ്പോർട്ടുണ്ട്. എന്നിട്ടും സ്വകാര്യ വ്യക്തികളുടെ കയ്യിലുള്ള സ്ഥലം മുഴുവൻ നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു സംവിധാനമുണ്ടാക്കണം. കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് വളരെ പ്രാധാന്യം കൽപ്പിക്കേണ്ടതാണ്. സുനാമിയുണ്ടായ സമയത്ത് കണ്ടൽവനങ്ങൾക്ക് അന്തർദേശീയ തലത്തിൽ തന്നെ പ്രസക്തി വന്നിരിക്കുകയാണ്. അതുകൊണ്ട് അപൂർവമായി കണ്ടെത്തിയിട്ടുള്ള ഈ കണ്ടൽ വനങ്ങൾ.....

Mr. Speaker: You have made it very clear.

ശ്രീ. എ. സുജനപാൽ: ദേശാടനപക്ഷികൾ വരെ അവിടെ വരുന്നുണ്ട്. ഇതൊക്കെ ഇല്ലാതായി പോകുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഇത് സംരക്ഷിക്കാൻ സംവിധാനമുണ്ടാക്കണം; ഇതിനെക്കുറിച്ച് പഠിക്കാൻ സംവിധാനമുണ്ടാകണം. ഇത് സംരക്ഷിച്ചുകൊണ്ട്, ഒരു സ്ഥിരം ബോഡി ഇതിനെക്കുറിച്ച് പഠനം നടത്തി, സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള കണ്ടൽവനങ്ങളും ചതുപ്പുപ്രദേശങ്ങളും നികത്തുന്നതിന് എതിരെ അടിയന്തിരമായി നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം വളരെ പ്രാധാന്യത്തോടുകൂടിത്തന്നെയാണ് ഇന്ന് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കോട്ടൂളി, വെങ്ങേരി വില്ലേജുകളിലുള്ള നിബിഡ കണ്ടൽ വനങ്ങളും അവ ഉൾപ്പെടുന്ന സ്ഥലവും കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിൽപ്പെട്ടതാണ്. മുഖ്യമായും ചതുപ്പുപ്രദേശമാണ്. അരയടത്തു പാലം മുതൽ എരഞ്ഞിപ്പാലം വരെയുള്ള സ്ഥലത്ത് ഏതാനും ഭാഗം വാട്ടർ അതോറിറ്റിയുടേയും മറ്റ് സ്വകാര്യ വ്യക്തികളുടേയും ഉടമസ്ഥതയിലാണ്. ഇവിടെ അങ്ങിങ്ങായി കണ്ടൽ വൃക്ഷങ്ങളും മറ്റ് വെറ്റ് ലാന്റ് സസ്യങ്ങളും വളരുന്നു. ഇതിന്റെ പല ഭാഗങ്ങളും മണ്ണിട്ട് നികത്തി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു എന്നുള്ള പരാതി ഗൗരവമായിട്ട് കാണും. ഇപ്പോൾ നിലവിലുള്ള കണ്ടൽ വനങ്ങളും ചതുപ്പുനിലങ്ങളും മാറ്റം വരുത്താതെ സൂക്ഷിക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. വന സംരക്ഷണത്തിന് സ്വകാര്യ വ്യക്തികൾ , വാട്ടർ അതോറിറ്റി, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, കോർപ്പറേഷൻ, വിവിധ തൽപ്പര ഗ്രൂപ്പുകൾ ജലവിഭവ-വികസന വിനിമയ കേന്ദ്രം എന്നിവപോലുള്ള സംഘടനകളേയും ഉൾപ്പെടുത്തി ഒരു പഠനം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം സംരക്ഷിക്കണമെങ്കിൽ അത് സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. അക്കാര്യം ഈ പഠനത്തിനുശേഷം ഗവൺമെന്റ് പരിശോധിക്കും. തണ്ണീർത്തടാക മേഖല സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി പുതിയ കണ്ടൽക്കാട് വച്ച് പിടിപ്പിക്കാനും തണ്ണീർത്തടാക മേഖലയെ മലിനീകരണത്തിൽ നിന്നു വിമുക്തമാക്കാനും ഉദ്ദേശിക്കുന്നുണ്ട്. തണ്ണീർത്തടാക മേഖലയിൽ മൽസ്യങ്ങളുടേയും മറ്റ് ജീവികളുടേയും പ്രജനനത്തിന് സൗകര്യം ലഭിക്കും. കോട്ടൂളി തണ്ണീർത്തടാക മേഖലയുടെ സംരക്ഷണ പരിപാടികളുടെ നടത്തിപ്പിനും അതിന്റെ മേൽനോട്ടത്തിനുമായി സംസ്ഥാന ശാസ്ത്ര സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ജില്ലാ കളക്ടറേയും ബന്ധപ്പെട്ട എം.എൽ.എ. മാരേയും പ്രത്യേകം ഉൾക്കൊള്ളിക്കുന്നതാണ്. അപ്പോൾ അവർക്ക് അവരുടേതായ നിർദ്ദേശങ്ങൾ കൂടി കൊടുക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതകൾ കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

5. തളിപ്പറമ്പിൽ ദേവസ്യയുടേയും ഭാര്യയുടേയും ആത്മഹത്യ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വളരെ പ്രധാനപ്പെട്ട ഒരു സംഭവം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തളിപ്പറമ്പിൽ, ആര്യാമ്പലം എന്നുപറയുന്ന സ്ഥലത്ത് കഴിഞ്ഞ ഒരു വർഷത്തിലധികമായി താമസിച്ചുകൊണ്ടിരിക്കുന്ന എ. എ. ദേവസ്യ, ഭാര്യ വൽസ, അവരുടെ കുട്ടി പ്രിൻസ്, ഈ മൂന്നുപേർ അടങ്ങുന്ന ചെറിയ കുടുംബം വളരെ ദാരിദ്ര്യത്തിൽ ജീവിച്ചിരുന്ന ഒരു കുടുംബമാണ്. ട്യൂഷൻ നടത്തി കിട്ടുന്ന വരുമാനം കൊണ്ടു ജീവിച്ചിരുന്ന കുടുംബമാണ്. ഒരു വാടകവീട്ടിൽ ആയിരുന്നു താമസം, രണ്ടു മൂന്നു മാസത്തെ വാടക കുടിശ്ശികകൊടുക്കാനുണ്ടെന്ന പേരിൽ കാട്ടിൽകൂട്ടത്തിൽ മുസ്തഫയുടെ വകയായിരുന്ന വീട് ഒഴിപ്പിക്കാൻ വേണ്ടി നിരന്തരമായിട്ട് ശ്രമങ്ങൾ നടത്തുകയുണ്ടായി. 1,300 രൂപയായിരുന്നു ഒരു മാസത്തെ വാടകയായിട്ട് കൊടുക്കാനുണ്ടായിരുന്നത്. അന്ന് റസീപ്റ്റ് കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. അങ്ങനെ റസീപ്റ്റ് കിട്ടിയാൽ മാത്രമേ വാടക തരാൻ സാധിക്കൂ എന്ന് വാശിപിടിക്കുകയും അവസാനം പോലീസ് കേസ് എടുക്കുകയും നാലാം തീയതി രാവിലെ ഈ പ്രശ്നം സംസാരിക്കുന്നതിന് വേണ്ടി ഡി.വൈ.എസ്.പി. തന്നെ എല്ലാപേരെയും വിളിച്ച് ചേർക്കാനിരിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിൽ, വേറെ പ്രശ്നങ്ങളൊന്നുമില്ലാതെ അന്നു രാത്രി വീട്ടിലേക്കുവരുമ്പോൾ സൈദ് നഗറിൽ വച്ച് ആ മനുഷ്യനെ റഷീദ്, ഹരീഷ്, ശിഖാബ്, അൻവർ, സഹീർ തുടങ്ങിയിട്ടുള്ള ആളുകൾ ചേർന്ന് മർദ്ദിക്കുകയുണ്ടായി. അവിടെനിന്ന് രക്ഷപ്പെട്ട് വീട്ടിലെത്തി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ നേരത്തെ പൂണ്ടിക്കാണിച്ച ആളുകളും പത്തുപതിനഞ്ച് ആളുകളും കൂടി ആ വീട്ടിലേക്കു കടന്നുചെന്ന് "നിങ്ങൾ ഇപ്പോൾത്തന്നെ വീട് ഒഴിയണം ഇല്ലെങ്കിൽ എല്ലാത്തിനേയും ചുട്ടുകൊല്ലുമെന്ന്" ഭീഷണിപ്പെടുത്തി അവരെ ഒഴിപ്പിക്കാൻ വേണ്ടി ശ്രമം നടത്തി. ചുറ്റുവട്ടത്തുള്ള ആളുകൾ ചേർന്ന് "നിങ്ങളിപ്പോൾ ഈ രാത്രിയിൽ ഒഴിപ്പിക്കാൻവേണ്ടി പുറപ്പെടേണ്ടതില്ല. രാവിലെ ഡി. വൈ.എസ്.പി. വിളിച്ചിട്ടുണ്ടല്ലോ ആ പ്രശ്നം പരിഹരിക്കാൻ വേണ്ടിയിട്ടാണല്ലോ ശ്രമിക്കുന്നത്" എന്നുപറഞ്ഞു. അങ്ങനെ സംഭവം പറഞ്ഞുതീർക്കുന്നതിനുവേണ്ടി ശ്രമിച്ചവരെയെല്ലാം ഭീഷണിപ്പെടുത്തി ഓടിക്കുകയും മാളത്തിൽ നിന്ന് എലിയെ പുകയിട്ട് പുറത്തേക്ക് ചാടിക്കുന്നതുപോലെ ഈ പാവപ്പെട്ട മനുഷ്യനെ അകത്തുനിന്ന് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. പുറത്തുപോകാനും പറ്റില്ല അപമാനം സഹിക്കാനും പറ്റില്ല എന്ന സ്ഥിതി വന്നപ്പോൾ ഞാൻ ഇപ്പോൾ വരാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly